പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4083 — 21.07.2015-ൽ മറുപടിക്ക്

## നിർമ്മൽ ഭാരത് അഭിയാൻ ഐ.എൽ.സി.എസ്. പദ്ധതികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |

(എ) നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും സംസ്ഥാനത്തിന് എത്ര തുക അനുവദിച്ചു നൽകിയെന്നും ഓരോ വർഷവും എത്ര തുക പ്രസ്തുത ഫണ്ടിൽ നിന്നും ചെലവാക്കിയെന്നും വ്യക്തമാക്കുമോ:

(എ) വ്യക്തമാക്കാം

(രൂപ ലക്ഷത്തിൽ)

| വർഷം | കേന്ദ്ര സർക്കാർ അനുവദിച്ച തുക | ചിലവ് (മുൻ നീക്കിയിരിപ്പ് സഹിതം) |
|---|---|---|
| 2011-12 | 158.89 | 987.89 |
| 2012-13 | 0 | 951.51 |
| 2013-14 | 2150.60 | 2510.83 |
| 2014-15 | 3397.23 | 3951.69 |
| **ആകെ** | **5706.72** | **5706.72** |

(ബി) മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എൽ.സി.എസ്. പദ്ധതി നടത്തിപ്പിനായി 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര കേന്ദ്ര സഹായം ലഭിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് എന്നും ഓരോ വർഷവും എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) ഐ.എൽ.സി.എസ് എന്ന പദ്ധതി വ്യക്തിഗത ഗാർഹിക ശൗചാലയം നിർമ്മാണ പ്രവർത്തിക്കുവേണ്ടിയുള്ളതാണ്.

| വർഷം | കേന്ദ്രം | ചെലവ് (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 125.00 | 125.00 |
| 2013-14 | 375.00 | 375.00 |

(സി) ഗ്രാമപ്രദേശത്തെ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായുള്ള കേന്ദ്ര പദ്ധതിയായ എൻ.ബി.എ. പദ്ധതിയുടെ ഭാഗമായി ലഭിച്ച സർക്കാർ സഹായത്തിൽ നിന്നും 2011 മുതൽ 2015 വരെ ഓരോ ജില്ലയിലും ഏതെല്ലാം പഞ്ചായത്തുകൾക്ക് എത്ര സഹായം സംസ്ഥാന സർക്കാർ ലഭ്യമാക്കി; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) നിർമ്മൽ ഭാരത് അഭിയാൻ നിലവിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന കേന്ദ്ര സംസ്ഥാന സഹായം എല്ലാ ഘടകങ്ങളും കൂടി നിർവഹിക്കപ്പെടുന്നതിനുള്ളതാണ്. ലഭ്യമായ തുകയിൽ നിന്നും ഖര ദ്രവ മാലിന്യ സംസ്കരണ ഘടകത്തിന് പഞ്ചായത്തുകൾ ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു.

(Annexure A)

(ഡി) 2011 മുതൽ 2015 വരെ ഓരോ വർഷവും അങ്കണവാടി ശുചിത്വ പരിപാലനം, ശിശു സൗഹൃദ ടോയ്‌ലറ്റ് നിർമ്മാണം, വിദ്യാലയ ശുചിത്വ പരിപാടി, വ്യക്തികൾക്ക് കക്കൂസ് നിർമ്മാണം തുടങ്ങിയവയ്ക്ക് എത്ര തുക കേന്ദ്ര സഹായം ലഭിച്ചുവെന്നും ഓരോ വർഷവും ഏതെല്ലാം പഞ്ചായത്തുകളിൽ എത്ര തുക വീതം ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ഡി) നിർമ്മൽ ഭാരത് അഭിയാൻ നിലവിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന കേന്ദ്ര സംസ്ഥാന സഹായം എല്ലാ ഘടകങ്ങളും കൂടി നിർവഹിക്കപ്പെടുന്നതിനുള്ളതാണ്. പഞ്ചായത്തുകൾ ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു. (Annexure B)

(ഇ) എൽ.ബി.എ. പദ്ധതി പ്രകാരം കേന്ദ്ര സഹായത്തിൽ ലഭിക്കുന്ന തുകയിൽ 2011 മുതൽ 2015 വരെ ഓരോ വർഷവും വിവര -വിജ്ഞാന വ്യാപന പ്രവൃത്തികൾക്കായി ലഭിച്ചു തുക എത്ര; ചെലവാക്കിയ തുക എത്ര; ഏതു പ്രദേശങ്ങളിൽ ചെലവാക്കി; വിശദാംശം ലഭ്യമാക്കുമോ;

(ഇ) നിർമ്മൽ ഭാരത് അഭിയാൻ നിലവിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന കേന്ദ്ര സംസ്ഥാന സഹായം എല്ലാ ഘടകങ്ങളും കൂടി നിർവഹിക്കപ്പെടുന്നതിനുള്ളതാണ്. ലഭ്യമായ തുകയിൽ നിന്നും വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി 2011– മുതൽ 2015 വരെ 866.33 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ആകെ ചെലവിന്റെ 15.18 ശതമാനം.

(എഫ്) ഇത്തരത്തിൽ കേന്ദ്ര സഹായങ്ങൾ ലഭിക്കുന്നു എന്ന് നക്ഷത്രചിഹ്നമിടാത്ത ചോദ്യമായി അനുവദിക്കാവുന്നതാണെങ്കിലും ഇവ ചെലവാക്കാനായി ശുചിത്വ മിഷൻ കാണിക്കുന്ന അനാസ്ഥ പരിശോധിച്ചുവോ.; വിശദാംശം ലഭ്യമാക്കുമോ?

(എഫ്) ഇക്കാര്യത്തിൽ ശുചിത്വ മിഷൻ ഒരു അനാസ്ഥയും കാണിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്